**കേരള സർക്കാർ**

**സംഗ്രഹം**

എറണാകുളം ജില്ലയിലെ മുളവുകാട് ഗ്രാമ പഞ്ചായത്തിലെ വഴി പുറമ്പോക്ക് ഭൂമിയും ജെൻ ഹൗസിംഗ് & കൺസ്ട്രക്ഷൻസ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയും പരസ്പരം കൈമാറുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(കൈ) നം. 30/2018/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം : 01/03/2018

പരാമർശം :- 1. 30.11.2015 ലെ 64608/ആർ.സി.4/2014/തസ്വഭവ നമ്പർ സർക്കുലർ
2. മുളവുകാട് ഗ്രാമ പഞ്ചായത്തിന്റെ 10/02/2015 ലെ 3-ാം നമ്പർ തീരുമാനം.
3. മുളവുകാട് ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റിന്റെ 14/09/2015 ലെ കത്ത്.
4. പഞ്ചായത്ത് ഡയറക്ടറുടെ 01/08/2016, 30/08/2017 തീയതികളിലെ സി2-24229/15 നമ്പർ കത്തുകൾ.
5. മുളവുകാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 17/07/2017, 06/12/2017 തീയതികളിലെ എ 3/4664/2017 നമ്പർ കത്തുകൾ.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്ക്, മുളവുകാട് വില്ലേജ്, ബ്ലോക്ക് നമ്പർ 3 ൽ, ജെൻ ഹൗസിംഗ് & കൺസ്ട്രക്ഷൻസ് ലിമിറ്റഡ് എന്ന സ്വകാര്യ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെ ഉള്ളിലായി, നിലവിൽ മറ്റാർക്കും ഉപയോഗപ്രദമല്ലാതെ സ്ഥിതി ചെയ്യുന്നതും, മുളവുകാട് ഗ്രാമ പഞ്ചായത്തിന്റെ അധീനതയിലുള്ളതുമായ റീസർവ്വെ നമ്പർ 281/14 ൽപെട്ട പഞ്ചായത്ത് റോഡ് ടി സ്ഥാപനത്തിനു വിട്ടു നൽകിയും, പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ഉപകരിക്കും വിധത്തിൽ പഞ്ചായത്ത് റോഡിന്റെ അത്രയും തന്നെ സ്ഥലമൂല്യമുള്ള സ്ഥലം പകരം വാങ്ങിയും സർക്കാർ അംഗീകാരത്തോടെ സ്ഥലം പരസ്പരം കൈമാറുന്നതിന് പരാമർശം (2) പ്രകാരം മുളവുകാട് ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിരുന്നു. പ്രസ്തുത വസ്തു പരസ്പര കൈമാറ്റത്തിന് സർക്കാർ അനുമതി ആവശ്യപ്പെട്ട് പരാമർശം (3) പ്രകാരം ലഭ്യമായ അപേക്ഷയിൽ, പഞ്ചായത്തിന് വിട്ടുനൽകുന്ന 2 സെന്റ് സ്ഥലത്ത് 900 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടവും നിർമ്മിച്ച് നൽകാമെന്ന് ജെൻ ഹൗസിംഗ് & കൺസ്ട്രക്ഷൻസ് ലിമിറ്റഡ് അധികൃതർ അറിയിച്ചിട്ടുള്ളതായും, ആയത് അംഗനവാടി, പകൽ പരിപാലന കേന്ദ്രം എന്നിവയ്ക്കായി ഉപയോഗപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുകയുണ്ടായി.

2. പഞ്ചായത്ത് വക വസ്തുവിന്റേയും സ്വകാര്യ വസ്തുവിന്റേയും പരസ്പരകൈമാറ്റം

സംബന്ധിച്ച് പരാമർശം (1) സർക്കുലർ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ, യൂണിറ്റ് നമ്പർ - 1, എറണാകുളം ടി വിഷയത്തിൽ അന്വേഷണം നടത്തി, പ്രസ്തുത വസ്തു കൈമാറ്റത്തിനുള്ള പ്രൊപ്പോസൽ പരിഗണിക്കാവുന്നതാണെന്ന് ശിപാർശ ചെയ്തിട്ടുണ്ടെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ അറിയിക്കുകയുണ്ടായി.

3. മുളവുകാട് വില്ലേജ്, ബ്ലോക്ക് നമ്പർ 3 ൽ, റീസർവ്വെ നമ്പർ 281/14 ൽപ്പെട്ട പഞ്ചായത്ത് റോഡിന് 1.23 സെന്റ് (00.50 ആർ) വിസ്തീർണ്ണമുള്ളതാണ് എന്നും ടി സ്ഥലത്തിന് പകരമായി ഇതേ ബ്ലോക്കിലെ റീസർവ്വെ നമ്പർ 280/8 ൽപ്പെട്ട 2 സെന്റ് സ്ഥലത്താണ് 900 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടം നിർമ്മിച്ച് പഞ്ചായത്തിന് നൽകുന്നതാണ് എന്ന് ജൈൻ ഹൗസിംഗ് & കൺസ്ട്രക്ഷൻസ് ലിമിറ്റഡ് എന്ന സ്ഥാപനം സമ്മതിച്ചിട്ടുള്ളത് എന്നും പരാമർശം (5) പ്രകാരം മുളവുകാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

4. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ബി.ടി.ആർ പ്രകാരം പൊതു വഴി എന്ന് രേഖപ്പെടുത്തിയിട്ടുള്ള, റീസർവ്വെ നമ്പർ 281/14 ൽപ്പെട്ട ഭൂമി 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 169 (1) പ്രകാരം മുളവുകാട് ഗ്രാമ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതാണ്. നിലവിൽ ആർക്കും ഉപയോഗമില്ലാതെ കിടക്കുന്ന ടി ഭൂമി, 169 (3)-ാം വകുപ്പ് പ്രകാരം ഗസറ്റ് വിജ്ഞാപനത്തിലൂടെ ടി ആക്റ്റിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിയ ശേഷം ജൈൻ ഹൗസിംഗ് & കൺസ്ട്രക്ഷൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനു വിട്ടു നൽകുന്നതിന് പകരമായി ടി സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വെ നമ്പർ 280/8 ൽപ്പെട്ട 2 സെന്റ് സ്ഥലവും അതിൽ ടി സ്ഥാപനം നിർമ്മിച്ചു നൽകാമെന്ന് സമ്മതിച്ചിട്ടുള്ള 900 ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടവും സ്വീകരിക്കുന്നതിന് . മുളവുകാട് ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

5. ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കായി, റീസർവ്വെ നമ്പർ 281/14 ൽപ്പെട്ട പൊതുവഴിയുടെ അതിരുകൾ സംബന്ധിച്ച വിശദാംശങ്ങൾ മുളവുകാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ. ജോസ്
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. സെക്രട്ടറി, മുളവുകാട് ഗ്രാമ പഞ്ചായത്ത്, എറണാകുളം.
3. എക്സിക്യൂട്ടീവ് ഡയറക്ടർ, ജൈൻ ഹൗസിംഗ് & കൺസ്ട്രക്ഷൻസ് ലിമിറ്റഡ്, ജി-361, മെയിൻ അവന്യൂ, പനംപിള്ളി നഗർ, കൊച്ചി - 682 036.

4. ജില്ലാ കളക്ടർ, എറണാകുളം.
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എൽ.ബി.എ / എ & ഇ ), തിരുവനന്തപുരം.
6. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
7. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
8. വെബ് & ന്യൂ മീഡിയ - ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
9. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ